# ബ്രഹ്മജ്ഞാനാവലീമാല

**ശ്രീ ശങ്കരാചാര്യസ്വാമികളുടെ ഒരു പ്രകരണഗ്രന്ഥം**
(ബ്രഹ്മവിചാരത്തിന് ഏറ്റവും അനുയോജ്യമായത്)

(1)
സകൃച്ഛ്രവണമാത്രേണ
ബ്രഹ്മജ്ഞാനം യതോഭവേത്
ബ്രഹ്മജ്ഞാനാവലീമാലാ
സർവേഷാം മോക്ഷസിദ്ധയേ

യാതൊന്നിന്റെ മനനം കൊണ്ട് (ശ്രവണം കൊണ്ട്), ആ ഒരൊറ്റ കേൾവിയിൽതന്നെ ബ്രഹ്മാനന്ദം ഭവിക്കും. ഈ ബ്രഹ്മക്ജ്ഞാനാവലീമാല മോക്ഷത്തിനായിക്കൊണ്ട് ആഗ്രഹിക്കുന്നവർക്കായി സമർപ്പിക്കുന്നു.

(2)
അസംഗോഹമസംഗോഹം
അസംഗോഹം പുനഃ പുനഃ
സച്ചിദാനന്ദരൂപോഹം
അഹമേവാഹമവ്യയഃ

അഹം അസംഗഃ = ഞാൻ ഒന്നിനോടും സംഗമില്ലാത്തവനാണ്. ഇതാണ് എന്റെ ശരിയായ സ്വരൂപം. സ്വരൂപത്തിൽ മിന്നിമറയുന്നതാണ് സ്വഭാവം. (ഉദാ: ജലം – സ്വരൂപം. തിരമാല, നുര, കുമിള ഇവ സ്വഭാവം. സ്വഭാവത്തിന് ഒരിക്കലും സ്വരൂപത്തെ ഒരുപ്രകാരത്തിലും ദുഷിപ്പിക്കാനോ മറ്റോ സാദ്ധ്യമല്ല). എന്റെ കയ്യ്, എന്റെ തല ..... എന്റേത് എന്നിൽ നിന്നും അന്യമാണ്. പിന്നെ ഞാൻ ആരാണ്? ഇത് വീണ്ടും വീണ്ടും വിചാരം ചെയ്യണം. അഹം സച്ചിദാനന്ദരൂപഃ = ഞാൻ സത്തും, ചിത്തും, ആനന്ദവും ചേർന്നതായ സച്ചിദാനന്ദരൂപനാണ്. അഹം ഏവഃ = ഞാൻ മാത്രമാണ്. അഹം അവ്യയഃ = എനിക്ക് ഒരു പ്രകാരത്തിലുള്ള വ്യയവും, നാശവും ഇല്ലാത്തതാണ്. (സാരം - അഹം ബ്രഹ്മാസ്മി = ഞാൻ ബ്രഹ്മമാകുന്നു). *ഇതിന്റെ നിത്യപാരായണം ഒരു പ്രാണനായാട്ട് മാറണം.*

(3)
നിത്യശുദ്ധവിമുക്തോഹം
നിരാകാരോഹമച്യുതഃ
ഭൂമാനന്ദസ്വരൂപോഹം
അഹമേവാഹമവ്യയഃ

നിത്യശുദ്ധ വിമുക്തഃ അഹം = എല്ലായിപ്പോഴും ശുദ്ധനാണ്, എല്ലാറ്റിൽനിന്നും വിമുക്തനാണ് ഞാൻ. (ഞാൻ മാത്രമറിയുന്ന ഒരു ഞാൻ, എന്നെ നിങ്ങൾ അറിയുന്ന ഒരു ഞാൻ, ഞാൻ മറ്റുള്ളവരെ അറിയിക്കാൻ ശ്രമിക്കുന്ന ഒരു ഞാൻ). അഹം നിരാകാരഃ = ഞാൻ എല്ലായിടത്തും ഉള്ളവനാണ്. എനിക്ക് പ്രത്യേക ആകൃതിയില്ല. അഹം അച്യുതഃ = അതുകൊണ്ട് തന്നെ ഞാൻ ച്യുതി (വീഴ്ച) ഇല്ലാത്തവനാണ്. അഹം ഭൂമാനന്ദഃ = ഞാൻ പൂർണ്ണ ആനന്ദസ്വരൂപനാണ്. അഹം ഭൂമാനന്ദസ്വരൂപഃ = ഭൂമാനന്ദ വിദ്യയിൽ ഏത് ബോധത്തെക്കുറിച്ചാണോ പറഞ്ഞിട്ടുള്ളത്, അതാകുന്നു ഞാൻ. അഹമേവ അഹം = ഞാൻ ഞാൻ തന്നെയാണ്. അഹം അവ്യയഃ = ഞാൻ ച്യുതിയില്ലാത്തവനാണ്, മുറിവില്ലാത്തവനാണ്.

(4)

നിത്യോഹം നിരവദ്യോഹം
നിരാകാരോഹമച്യുതഃ
പരമാനന്ദരൂപോഹം
അഹമേവാഹമവ്യഃ

നിത്യോഹം = അഹം നിത്യഃ = എനിക്ക് മരണമില്ല. ഞാൻ ഇല്ലാതെയാകുന്നില്ല. (ബാല്യത്തിൽ നിന്ന് യൗവ്വനത്തിലേയ്ക്കും പിന്നെ വാർദ്ധക്ക്യത്തിലേയ്ക്കും വരുമ്പോൾ, എന്നിൽ മാറ്റങ്ങൾ സംഭവിക്കുന്നില്ല. ഞാൻ എന്നെ നിരീക്ഷിക്കുകയായിരുന്നു). അഹം നിരവദ്യഃ = ഞാൻ ഒരു കളങ്കവും ഇല്ലാത്തവനാണ്. അഹം നിരാകാരഃ = ഞാൻ രൂപമില്ലാത്തവനാണ്. അഹം അച്യുതഃ = അതുകൊണ്ടുതന്നെ ച്യുതിയില്ല. ഞാൻ അച്ചുതനാണ്. അഹം പരമാനന്ദരൂപഃ = ആനന്ദ മാണ് എന്റെ പരിപൂർണ്ണമായ രൂപം. അഹമേവാഹമവ്യയഃ = ഞാൻ ഞാൻ തന്നെയാണ്, ഒരുപ്രകാരത്തിലുമുള്ള കുറവും ഇല്ലാത്തവനാണ്.

(5)

ശുദ്ധചൈതന്യരൂപോഹം
ആത്മാരാമോഹമേവച
അഖണ്ഡാനന്ദരൂപോഹം
അഹമേവാഹമവ്യഃ

അഹം ശുദ്ധചൈതന്യരൂപഃ = ഞാൻ ശുദ്ധനായ ബോധസ്വരൂപനാണ്. അഹം ആത്മാരാമഃ ഏവച = ഞാൻ ആത്മാരാമനാണ്, എന്നിൽ രമിക്കുന്നവനാണ്, ഞാൻ വിഷയാരാമനല്ല. അഹം അഖണ്ഡാനന്ദരൂപഃ = ഞാൻ തുടർച്ചയായ ആനന്ദത്തിന്റെ ഉടമയാണ്. ഞാൻ ഞാൻ തന്നെയാ ണ്, ഒരുപ്രകാരത്തിലുമുള്ള കുറവും ഇല്ലാത്തവനാണ്.

(6)

പ്രത്യക്ചൈതന്യരൂപോഹം
ശാന്തോഹംപ്രകൃതേഃ പരഃ
ശാശ്വതാനന്ദരൂപോഹം
അഹമേവാഹമവ്യയഃ

അഹം പ്രത്യക്ചൈതന്യരൂപഃ = ഞാൻ എല്ലാവരുടേയും ഉള്ളിൽ അനുഭവപ്പെടുന്ന ബോധസ്വരൂ പനാണ്. അഹം പ്രകൃതേഃ പരഃ ശാന്തഃ = ഞാൻ പ്രകൃതിക്കപ്പുറത്ത് വർത്തിക്കുന്നവനാണ് (പ്ര കൃതിക്ക് മാറ്റമുണ്ട്, മൂന്ന് ഗുണങ്ങൾ – സത്ത്വം, രജസ്സ്, തമസ്സ്). അഹം ശാശ്വതാനന്ദരൂപഃ = ഞാൻ ശാശ്വതമായിട്ടുള്ള ആനന്ദം ഉള്ളവനാണ്. (സുഖം - ഇന്ദ്രി യതലത്തിൽ, സന്തോഷം – മനസ്സിന്, ആഹ്ളാദം – ഹൃദയത്തിന്റെ, ആനന്ദം – സ്വരൂപത്തിന്). ഞാൻ ഞാൻ തന്നെയാണ്, എന്നിൽ ഒരു കുറവുമില്ല.

(7)

തത്ത്വാതീത പരാത്മാഹം
മധ്യാതീതഃ പരഃ ശിവഃ
മായാതീത പരംജ്യോതിഃ
അഹമേവാഹമവ്യയഃ

അഹം തത്വാതീതഃ പരാത്മാ = ഞാൻ എന്തൊക്കെ തത്വങ്ങളുണ്ടോ, അതിനൊക്കെ അതീതനാ ണ്. മധ്യാതീതഃ പരഃ ശിവഃ = ആദി മധ്യാന്ത രൂപമായിട്ടുള്ളതൊന്നും ഞാനല്ല. ഞാൻ അതി നൊക്കെ അപ്പുറത്താണ്. മായാതീത പരംജ്യോതിഃ = പ്രകൃതി, നാമരൂപങ്ങൾ, മായ, അതി നൊക്കെ അപ്പുറത്തുള്ള പരമമായ ജ്യോതിയാണ് ഞാൻ. ഞാൻ ഞാൻ തന്നെയാണ്.

(8)

നാനാരൂപവ്യതിതോഹം
ചിദാകാരോഹമച്യുതഃ
സുഖരൂപസ്വരൂപോഹം
അഹമേവാഹമവ്യയഃ

നാനാരൂപവ്യതിതഃ അഹം = എല്ലാ വൈവിദ്ധ്യമാർന്ന രൂപങ്ങളൊന്നും ഇല്ലാത്തവനാണ് ഞാൻ. എന്നാൽ എല്ലാരൂപങ്ങൾക്കും ആധാരമായത് യാതൊന്നാണോ, ആ ബോധസ്വരൂപനാണ് ഞാൻ. അഹം അച്യുതഃ അഹം ചിദാകാരഃ = ഒന്നിൽനിന്നും എനിക്ക് വീഴ്ചയില്ല. അഹം സുഖസ്വരൂപഃ = ആനന്ദമാണെന്റെ സ്വരൂപം. ഞാൻ ഞാൻ തന്നെയാണ്, ഒരു പ്രകാരത്തിലുമുള്ള കുറവും ഇല്ലാത്തവനാണ്.

(9)

മായാതത്കാര്യദേഹാദി
മമനാസ്ത്യേവസർവ്വദാ
സ്വപ്രകാശൈകരൂപോഹം
അഹമേവാഹമവ്യയഃ

മായാതത്കാര്യദേഹാദി = മായയും തുടർന്നുള്ള ദേഹമായിട്ടുള്ളതെല്ലാം തന്നെ (മായയിൽ നിന്ന് ആവിർഭവിച്ച ഈ പ്രപഞ്ചവും) സർവ്വദാ മമനാസ്ത്യേവ = എല്ലായിപ്പോഴും എന്നിൽ ഇല്ല. അഹം സ്വപ്രകാശൈകരൂപഃ = ഞാൻ സ്വയം പ്രകാശിക്കുന്നവനാണ്, ഞാൻ ഞാൻ തന്നെ യാണ്.

(10)

ഗുണത്രയവ്യതിതോഹം
ബ്രഹ്മാദീനാം ച സാക്ഷ്യഹം
അനന്താനന്ദരൂപോഹം
അഹമേവാഹമവ്യയഃ

ഗുണത്രയവ്യതിതഃ അഹം = മൂന്നു ഗുണങ്ങളിൽ നിന്നും (സത്വഗുണ, രജോഗുണ, തമോഗുണ) ഒഴിഞ്ഞുമാറിയിട്ടുള്ളവനാണ് ഞാൻ. ഈ ഗുണങ്ങൾ എന്നിൽ നിന്ന് ആവിർഭവിച്ചതാണ്. ബ്രഹ്മാദീനഃ അഹം സാക്ഷി = ബ്രഹ്മാവുമുതൽ എല്ലാറ്റിനും ഞാൻ സാക്ഷിയാണ്. (പുൽക്കൊടി മുതൽ ബ്രഹ്മാവുവരെ കോർത്തിരിക്കുന്ന ഒരു തന്തുവുണ്ട്, അതിന് ഞാൻ സാക്ഷിയാണ്). അഹം അനന്താനന്ദരൂപഃ = അളവില്ലാത്ത ആനന്ദമാണ് എന്റെ രൂപം. ഞാൻ ഞാൻ തന്നെയാണ, എനിക്ക് ഒരു കുറവുമില്ല.

(11)

അന്തര്യാമിസ്വരൂപോഹം
കൂടസ്ഥഃ സർവ്വഗോസ്മ്യഹം
പരമാത്മസ്വരൂപോഹം
അഹമേവാഹമവ്യയഃ

അഹം അന്തര്യാമിസ്വരൂപഃ = ഞാൻ, പ്രപഞ്ചത്തിൽ എന്തൊക്കെ ഭവിച്ചിട്ടുണ്ടോ, അതിന്റെ യെല്ലാം അന്തര്യാമിയാണ് (കേന്ദ്രമാണ്). അഹം സർവ്വഗഃ കൂടസ്ഥഃ = ഞാൻ എല്ലാറ്റിലും മറ ഞ്ഞിരിക്കുന്നവനാണ്. അഹം പരമാത്മസ്വരൂപഃ = ഞാൻ സർവ്വവ്യാപിയായിട്ടുള്ള പരമാത്മസ്വ രൂപനാണ്. ഞാൻ ഞാൻ തന്നെയാണ്, എനിക്ക് ഒരു കുറവുമില്ല.

(12)

നിഷ്കലോഹം നിഷ്ക്രിയോഹം
സർവ്വാത്മാദ്യഃ സനാതനഃ
അപരോക്ഷസ്വരൂപോഹം
അഹമേവാഹമവ്യയഃ

അഹം നിഷ്കലഃ = ഞാൻ ഒരു കളങ്കവും പുരളാത്തവനാണ്. അഹം നിഷ്ക്രിയഃ = ഒരു കർമ്മവും എന്നെ സ്പർശിക്കാത്തതാണ് (ചെയ്തവനെന്ന് അഹങ്കരിക്കാത്തവൻ). സർവ്വാത്മഃ ആദ്യഃ = ഞാൻ എല്ലാറ്റിന്റേയും ആരംഭമാണ്. അഹം അപരോക്ഷസ്വരൂപഃ = ഞാൻ പ്രത്യക്ഷ സ്വരൂപനാണ്. ഞാൻ ഞാൻ തന്നെയാണ്, എനിക്ക് ഒരു കുറവുമില്ല.

(13)

ദ്വന്ദ്വാദിസാക്ഷിരൂപോഹം
അചലോഹം സനാതനഃ
സർവ്വസാക്ഷിസ്വരൂപോഹം
അഹമേവാഹമവ്യയഃ

അഹം ദ്വന്ദ്വാദിസാക്ഷിരൂപഃ = എല്ലാ നാനാത്വങ്ങൾക്കും (ദ്വന്ദ്വങ്ങൾക്കും) ഞാൻ സാക്ഷിയാണ്. എല്ലാ വൈവിദ്ധ്യങ്ങളേയും അറിയുന്നവനാണ് ഞാൻ. (ഉദാ: അരി – ഇഢലിയെ, ദോശയെ, ഉപ്പുമാവിനെ ... ഞാൻ അറിയുന്നു). സനാതനം = മാറ്റമില്ലാത്തത്, അചലഃ = ഇളക്കമില്ലാത്തത്. അഹം സർവ്വസാക്ഷിസ്വരൂപഃ = ഞാൻ എല്ലാറ്റിന്റേയും സാക്ഷിയാണ്. ഞാൻ ഞാൻ തന്നെ യാണ്, എനിക്ക് ഒരു കുറവുമില്ല.

(14)

പ്രജ്ഞാനഘനഏവാഹം
വിജ്ഞാനഘന ഏവച
അകർത്താഹമഭോക്താഹം
അഹമേവാഹമവ്യയഃ

അഹം പ്രജ്ഞാന ഘനഃ = പ്രജ്ഞാനം ബ്രഹ്മഃ അനുഭവജ്ഞാനം, അതാണ് ഞാൻ. പ്രജ്ഞാനം = വസ്തുസംബന്ധമായ ജ്ഞാനം, വിജ്ഞാനം = അനുഭവജ്ഞാനം. അഹം അകർത്താ = ഞാൻ ഒന്നും ചെയ്യുന്നില്ല, ഞാൻ ഒന്നിന്റേയും കർത്താവല്ല. അഹം അഭോക്താ = ഞാൻ ഒരു കർമ്മഫലത്തേയും അനുഭവിക്കുന്നില്ല. ഞാൻ ഞാൻ തന്നെയാണ്, എനിക്ക് ഒരു കുറവുമില്ല.

(15)

നിരാധാരസ്വരൂപോഹം
സർവ്വാധാരോഹമേവച
ആപ്തകാമസ്വരൂപോഹം
അഹമേവാഹമവ്യയഃ

നിരാധാരസ്വരൂപഃ അഹം = ഒന്നിനേയും ആശ്രയിക്കാത്തവനാണ് ഞാൻ. അഹം സർവ്വാധാര ഏവചഃ = ഞാൻ എല്ലാറ്റിന്റേയും ആധാരമാണ്. അഹം ആത്മകാമസ്വരൂപഃ = എല്ലാ കാമനയും നിറവേറ്റപ്പെട്ടവനാണ് ഞാൻ. ഞാൻ ഞാൻ തന്നെയാണ്, എനിക്ക് ഒരു കുറവുമില്ല.

(16)

താപത്രയവിനിർമുക്തോഹം
ദേഹത്രയവിലക്ഷണഃ
അവസ്ഥാത്രയ സാക്ഷ്യസ്മിൻ
അഹമേവാഹമവ്യയഃ

താപത്രയവിനിർമുക്തോഹം = മൂന്ന് പ്രകാരത്തിലുള്ള താപമാണ് (ദു:ഖം) നമുക്കുള്ളത്. 1. ആദി ദൈവീകം (പ്രകൃതിയിൽ നിന്നുണ്ടാവുന്നത്, ഉദാ: സുനാമി), 2. ആദി ഭൗതീകം (ചുറ്റുപാടിൽ നിന്നുണ്ടാവുന്നത്), 3. അദ്ധ്യാത്മികം (തന്നിൽനിന്നുതന്നെ ഉണ്ടാവുന്നത്, ഉദാ: രോഗങ്ങൾ). ഇതൊന്നും എന്റെ സ്വസ്ഥതയെ ഇല്ലായ്മ ചെയ്യാൻ പോന്നതല്ല. അതുകൊണ്ട്, താപത്രയവിനിർമുക്തൻ. ദേഹത്രയ വിലക്ഷണഃ = ഞാൻ സ്ഥൂല, സൂഷ്മ, കാരണ ശരീരങ്ങളിൽ നിന്ന് ഭിന്നമാണ്. അവസ്ഥാത്രയസാക്ഷ്യസ്മിൻ = മുന്ന് അവസ്ഥകളേയും അറിയുന്നവനാണ് ഞാൻ. ഞാൻ ഞാൻ മാത്രമാണ്.

(17)

ദൃഗ്ദൃശ്യൗ ദ്വൗപദാർത്ഥൗസ്തഃ
പരസ്പരവിലക്ഷണൗ
ദൃഗ്ബ്രഹ്മദൃശ്യംമായേതി
സർവ്വവേദാന്തഡിണ്ഡിമഃ

വേദാന്തത്തിന്റെ പെരുമ്പറഘോഷം ഇതാ ഇതാണ്.
ദൃഗ്ദൃശ്യം = കാണുന്നത്, കാണപ്പെടുന്നത്. അനുഭവരൂപമായിട്ടുള്ള ഈ പ്രപഞ്ചത്തില് രണ്ടേരണ്ട് പദാർത്ഥങ്ങളാണുള്ളത്, കാണുന്നവനും കാണപ്പെടുന്ന കാഴ്ചകളും, ഇത് രണ്ടും അന്യോന്യം ഭിന്നങ്ങളാണ്. ദൃഗ് ബ്രഹ്മ, ദൃശ്യം മായ = ഞാൻ എന്നെത്തന്നെ കാണുന്നു അത് ബ്രഹ്മം, ഞാൻ ഭേദം കാണുന്നു അത് മായ. ഇതാണ് വേദാന്തത്തിന്റെ പെരുമ്പറഘോഷം.

(18)

അഹം സാക്ഷീതിയോവിദ്യാദ്
വിവിച്യൈവം പുനഃ പുനഃ
സ ഏവ മുക്തഃ സോവിദ്വാൻ
ഇതി വേദാന്തഡിണ്ഡിമഃ

അഹം സാക്ഷി ഇതി വിദ്യാദ് = ഞാൻ സാക്ഷിയാണ് എന്ന് വീണ്ടും വീണ്ടും ഉറപ്പുവരണം. സഃ ഏവ മുക്തഃ = അവനെയാണ് മുക്തൻ എന്ന് പറയുന്നത്. സഃ വിദ്വാൻ = അവനാണ് അറിഞ്ഞവൻ. ഇത് വേദാന്തത്തിന്റെ പെരുമ്പറഘോഷമാണ്.

(19)

ഘടകുഡ്യാദികം സർവ്വം
മൃത്തികാമാത്രമേവച
തദ്വദ് ബ്രഹ്മജഗത്സർവ്വം
ഇതി വേദാന്തഡിണ്ഡിമഃ

കുടം, ചുമര് ഇവയെല്ലാം തന്നെ മണ്ണാണ്. മൃത്തികാമാത്രമേവച = മണ്ണ് മാത്രമാണ് സത്യം. തദ്വദ് ജഗദ്സർവ്വം ബ്രഹ്മ = ഈ വിശ്വത്തിൽ മുഴുവനും ബ്രഹ്മമാണ്. ഇത് വേദാന്തത്തിന്റെ പെരുമ്പറഘോഷമാണ്. (എപ്രകാരം വൈവിധ്യമാർന്ന പാത്രങ്ങളെ നമ്മൾ ചട്ടി, പൂച്ചട്ടി, കുടം എന്നും മറ്റും പറയുമ്പോൾ, അത് വെറും മണ്ണുമാത്രമാണെന്ന് ആർക്കാണോ ഉറപ്പുള്ളത്, അതുപോലെ ഈ വൈവിധ്യങ്ങളിലൊക്കെ ബ്രഹ്മം മാത്രമാണ്).

(20)

ബ്രഹ്മസത്യം ജഗന്മിഥ്യാ
ജീവോ ബ്രഹ്മൈവനാപരഃ
അനേനവേദ്യം തത് ശാസ്ത്രം
ഇതി വേദാന്തഡിണ്ഡിമഃ

സത്യമായിരിക്കുന്നത് ബ്രഹ്മമാണ്. മാറിമറിയുന്നതെല്ലാം മിഥ്യയാണ്. ജീവനും ബ്രഹ്മവും രണ്ടാണോ? അല്ല. ഇത്രയും കൊണ്ട് ഈ ശാസ്ത്രത്തെ അറിയപ്പെടേണ്ടതാണ്. ഇത് വേദാന്തത്തിന്റെ പെരുമ്പറഘോഷമാണ്.

(21)

അന്തർജ്യോതിർബഹിർജ്യോതിഃ
പ്രത്യക്ജ്യോതിഃ പരാത്പരഃ
ജ്യോതിർജ്യോതിഃ സ്വയംജ്യോതി
ആത്മജ്യോതിഃ ശിവോസ്മ്യഹം

അന്തഃ ജ്യോതി = ഉള്ളിൽ നോക്കിയാൽ ആ പ്രകാശം, ബഹിർജ്യോതി = പുറമെ നോക്കിയാലും ആ പ്രകാശം, പ്രത്യക്ജ്യോതി = അവനവനിൽ ആത്മാവായി ആ പ്രകാശം. പരാത്പരഃ = ഈ പ്രപഞ്ചം മുഴുവൻ പ്രകടമായി കാണപ്പെടുന്നത് ആ ജ്യോതിസ്സാണ്. ആ ജ്യോതികൾക്കൊക്കെ ജ്യോതിയായി താൻ തന്നെ ജ്യോതിയാകുന്ന ആത്മജ്യോതിയായിട്ടുള്ള ശിവനാണ് – ഞാൻ.

സമാപ്തം

*mbsukumaran@gmail.com*